**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1704** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, കൃഷിക്കാർക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിളകളുടെ ഉത്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ സാമ്പത്തിക ഭദ്രതയും കർഷകക്ഷേമവും ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കൃഷിക്കൂട്ടങ്ങൾ വഴി കാർഷിക മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുവാനും പ്രാദേശിക സാമ്പത്തിക വികസനം, ഭക്ഷ്യസ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനും സർക്കാർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 2026 ലക്ഷ്യമാക്കി ഒരു വിഷൻ തയ്യാറാക്കിയാണ് ലക്ഷ്യപ്രാപ്തിക്കായി സർക്കാർ ശ്രമിക്കുന്നത്.<br><br>സംസ്ഥാനമൊട്ടാകെ ഉത്പാദനം, വിപണനം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചു 21575 കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു. ഇവ അടിസ്ഥാനപ്പെടുത്തിയ കർഷക ഉദ്പാദക സംഘങ്ങൾ വഴി മൂല്യ വർദ്ധനവ് സാധ്യമാക്കുകയും വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 'കാബ്കോ' കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.<br><br>വിള വിസ്തൃതി വർദ്ധനവും ഉത്പാദന വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ,ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി ആകെ 284.02 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. തെങ്ങിന്റെ |

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു.

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക വഴി ഉത്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൃഷിക്കാരുടെ വരുമാനം, കാർഷികോത്പാദനക്ഷമത, ഉത്പന്ന സംസ്കരണം, ഉല്പന്നങ്ങളുടെ വില, മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നും മറ്റ് അനുബന്ധ മേഖലയിൽ നിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യ വർദ്ധിത കാർഷിക മിഷൻ രൂപീകൃതമായിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളേയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയും ലക്ഷ്യമിട്ട് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 21,575 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.

വിളകളുടെ ഉത്പാനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും കൃഷി വകുപ്പ്ഫാമുകളിൽ ഉത്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 107 എണ്ണം അഗ്രോ സർവ്വീസ് സെന്ററുകളും 20 കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.<br><br>കാർഷിക യന്ത്രങ്ങൾ സമയ ബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും ആയതിന്റെ അറ്റക്കുറ്റപ്പണികൾ ചെയ്യുന്നതിനുമായി കാർഷിക യന്ത്രവത്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. |
| (ബി) | സംസ്ഥാനത്തിന് ആവശ്യമായ ഏതെല്ലാം ഉത്പന്നങ്ങൾ കൃഷി ചെയ്യുന്നതിൽ സ്വയംപര്യാപ്തത നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും കുറഞ്ഞ കൃഷിയിട വിസ്തൃതിയും മൂലം പല വിളകളിലും സ്വയം പര്യാപ്തത നേടുവാൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ സാഹചര്യങ്ങളിലും കുരുമുളക്, ഏലം, തേയില, കാപ്പി, കശുവണ്ടി, റബ്ബർ തുടങ്ങിയവ സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. കേരളത്തിന്റെ നിത്യോപയോഗത്തിനാവശ്യമായ നാളികേരം സംസ്ഥാനത്തു തന്നെ ഉത്പാദിപ്പിക്കുന്നുണ്ട്. പഴം, പച്ചക്കറികൾ എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങൾ 'ഞങ്ങളും കൃഷിയിലേക്ക്' പരിപാടിയുടെ ഭാഗമായും വിവിധ പദ്ധതികളിലൂടെയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ